"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2019 - കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമപഞ്ചായത്തിലെ പുന്നശ്ശേരി എ.യു.പി സ്കൂളിന് ചട്ടം 3(4)ബി പ്രകാരം ഇളവനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിലെ 3-ാമത് നിബന്ധന ഭേദഗതി ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1236/2026/LSGD തീയതി, തിരുവനന്തപുരം, 04-07-2026

---

പരാമർശം:- 1. 28-06-2025-ലെ സ.ഉ.(സാധാ) നം.1622/2025/LSGD.

2. ചീഫ് ടൗൺ പ്ലാനറുടെ 18-06-2026 തീയതിയിലെ LSGD/PD/32244/2024-TCPA1 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമപഞ്ചായത്തിൽ നരിക്കുനി വില്ലേജിലെ റീസർവ്വേ നമ്പർ 14/1A, 14/1B (ന്യൂ റീസർവ്വേ നമ്പർ 14/1B, 14/6) -ലെ 2085 സ്ക്വയർമീറ്റർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന എയ്ഡഡ് സ്കൂളായ പുന്നശ്ശേരി എ.യു.പി സ്കൂളിന്റെ നിലവിലുള്ള ബ്ലോക്ക് H സ്കൂൾ കെട്ടിടത്തിന്, ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ചും 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4)(ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചു കൊണ്ടും നിബന്ധനകൾക്ക് വിധേയമായി ടി ചട്ടങ്ങളുടെ ചട്ടം 26(4), (6) - ഓപ്പൺ സ്പേസ്, ചട്ടം 26(5) കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നിവയിൽ പരാമർശം (1) പ്രകാരം ഇളവനുവദിച്ചിരുന്നു.

2) പരാമർശം (1) ഉത്തരവിലെ 'സ്കൂൾ കെട്ടിടമായതിനാൽ കട്ടികളുടെ സുരക്ഷയെ മുൻനിർത്തി proposed open steel fire stair- നു പകരം മേൽക്കൂരയോട് കൂടിയ സുരക്ഷിതമായ വിധത്തിലുള്ള stable staircase (Concrete, Stone, Brick, etc.) നൽകേണ്ടതാണ്' എന്ന നിബന്ധന (നിബന്ധന 3) ഒഴിവാക്കി നൽകണമെന്ന സ്കൂൾ മാനേജരുടെ അപേക്ഷ നൽകിയതിന്മേൽ പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3) ഫയർ എസ്കേപ്പ് സ്റ്റെയർ സംബന്ധിച്ചുള്ള ചട്ടങ്ങളും വ്യവസ്ഥകളും 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 35(2)-ൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നിർമ്മാണത്തിന് ഉപയോഗിക്കേണ്ട മെറ്റീരിയലിനെപ്പറ്റി പ്രതിപാദിച്ചിട്ടില്ലെന്നും പ്രസ്തുത സ്റ്റെയർകേസിന് റൂഫ് കവർ നൽകാത്തതിനാലും അത്യാഹിതഘട്ടങ്ങളിൽ യു പി സ്കൂളിലെ ചെറിയ കട്ടികൾ ഉപയോഗിക്കേണ്ട ഫയർ എസ്കേപ്പ് സ്റ്റെയർ ആയതിനാലുമാണ് കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി proposed open steel fire stair-നു പകരം stable staircase (Concrete, Stone, Brick, etc.) നൽകേണ്ടതാണെന്ന നിബന്ധന ഏർപ്പെടുത്തിയിരുന്നതെന്നും പരാമർശം

(3) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്യുന്നു. നിലവിലുള്ള ഫയർ എസ്കേപ്പ് സ്റ്റെയർ പൊളിച്ചു മാറ്റി പുതിയത് നിർമ്മിക്കുന്നത് വലിയ സാമ്പത്തിക നഷ്ടത്തിനും മറ്റും ഇടവരുത്തുന്നതാണെന്നതിനാൽ മേൽ നിബന്ധന ഒഴിവാക്കുന്നതിന് സ്കൂൾ മാനേജർ നൽകിയിട്ടുള്ള അപേക്ഷ കണക്കിലെടുത്ത് 'കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 35(2) ൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുന്ന പ്രകാരവും സുരക്ഷിതമായ വിധത്തിലുള്ള ഹാൻഡ് റെയിൽ, മേൽക്കൂര എന്നിവ ഏർപ്പെടുത്തിക്കൊണ്ടുമാണ് ഫയർ എസ്കേപ്പ് സ്റ്റെയർ നിർമ്മിച്ചിട്ടുള്ളതെന്നും ആയത് സ്റ്റേബിൾ ആണെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്' എന്ന രീതിയിൽ മൂന്നാമത്തെ നിബന്ധന മാറ്റം വരുത്തിക്കൊണ്ട്, ഇതിനകം നിർമ്മാണം നടത്തിയിട്ടുള്ള സ്റ്റീൽ സ്റ്റെയർ ഉപയോഗിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ നരിക്കുനി ഗ്രാമപഞ്ചായത്തിലെ പുന്നശ്ശേരി എ.യു.പി സ്കൂളിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (KPBR 2019) ചട്ടം 3(4) പ്രകാരം ഇളവനുവദിച്ചു കൊണ്ടുള്ള പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധന 3, ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ച്, ചുവടെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

**"3. KPBR, 2019 ചട്ടം 35(2)-ൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുന്ന പ്രകാരവും സുരക്ഷിതമായ വിധത്തിലുള്ള ഹാൻഡ് റെയിൽ, മേൽക്കൂര എന്നിവ ഏർപ്പെടുത്തിക്കൊണ്ടുമാണ് ഫയർ എസ്കേപ്പ് സ്റ്റെയർ നിർമ്മിച്ചിട്ടുള്ളതെന്നും ആയത് സ്റ്റേബിൾ ആണെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്".**

5) മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്.
സെക്രട്ടറി, നരിക്കുനി ഗ്രാമപഞ്ചായത്ത്.
മാനേജർ, പുന്നശ്ശേരി എ.യു.പി സ്കൂൾ, നരിക്കുനി, കോഴിക്കോട് ജില്ല.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (RB3/164/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 04-07-2026 15:39:21
സെക്ഷൻ ഓഫീസർ